# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

ഇരഞ്ഞിക്കുളങ്ങര എൽ പി സ്കൂൾ

പാനൂർ

2025–26

# ഇരഞ്ഞിക്കുളങ്ങര എൽ. പി. സ്കൂൾ

## പാനൂർ

| | |
|---|---|
| സ്ഥാപിതം | : 1911 |
| മുനിസിപ്പാലിറ്റി | : പാനൂർ |
| ഉപജില്ല | : പാനൂർ |
| വിദ്യാഭ്യാസ ജില്ല | : തലശ്ശേരി |
| ജില്ല | : കണ്ണൂർ |

# ആമുഖം

പാനൂർ ടൗണിൽ നിന്നും ഒന്നര കിലോമീറ്റർ തെക്കുമാറി ചരിത്ര മുറങ്ങുന്ന കണ്ണംവെള്ളി തെരുവിന്റെ പടിഞ്ഞാറുവശത്ത് പാനൂർ – പൂക്കോം റോഡിന്റെ അരികിലായി സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഇരഞ്ഞികുളങ്ങര എൽ പി സ്കൂൾ.

1911 സ്ഥാപിതമായ ഈ വിദ്യാലയം ശതാബ്ദി പിന്നിട്ട് 114 ആം വയസ്സിലേക്ക് കടന്നിരിക്കുകയാണ്. ഒരു പ്രദേശത്തിന്റെ മുഴുവൻ അക്ഷര വെളിച്ചമായി നിലകൊള്ളുന്ന ഈ വിദ്യാലയത്തിൽ പ്രൈമറി വിഭാഗത്തിൽ 33 വിദ്യാർത്ഥികളും, പ്രീ പ്രൈമറി വിഭാഗത്തിൽ 6 വിദ്യാർത്ഥികളും, 5 അധ്യാപകരും ഉണ്ട്.

പാഠ്യപാഠ്യേതര രംഗങ്ങളിൽ വർഷങ്ങളായി ഏറെ മികവ് പുലർത്താൻ ഈ വിദ്യാലയത്തിന് സാധിക്കുന്നു. ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തിപരിചയമേള, കലാമേള എന്നിവയിൽ ശ്രദ്ധേയമായ ധാരാളം നേട്ടങ്ങൾ ഇതിനകം കൈവരിച്ചിട്ടുണ്ട്. പ്രവൃത്തി പരിചയ മേളയിൽ നിരവധി തവണ ചാമ്പ്യൻഷിപ്പ് നേടാനും, ജില്ലാ സംസ്ഥാന തലത്തിൽ മികവ് തെളിയിക്കാനും ഇവിടുത്തെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. എൽ എസ് എസ്, ക്വിസ് മത്സരങ്ങൾ എന്നിവയിലും നിരവധി തവണ വിദ്യാർഥികൾ വിജയം കൈവരിച്ചിട്ടുണ്ട്.

ഭൗതിക സാഹചര്യങ്ങളുടെ അഭാവം, കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്, കളി സ്ഥലത്തിന്റെ അഭാവം എന്നിവ വിദ്യാലയം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

## അക്കാദമിക് നിലവാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

- മലയാളം,ഇംഗ്ലീഷ്,ഹിന്ദി, [illegible] ഭാഷകളിൽ എല്ലാ കഴിവുകളും നേടിയവരായിരിക്കണം ഈ വിദ്യാലയത്തിൽ നിന്ന് പുറത്ത് പോകുന്നവർ
- എല്ലാവർക്കും ചതുഷ്ക്രിയകൾ സ്വായത്തമാക്കാൻ കഴിയണം.
- ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര മേഖലകളിൽ ഉയർന്ന പരിജ്ഞാനം ഉറപ്പുവരുത്താൻ കഴിയും
- അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കാൻ കഴിയണം.
- അധ്യാപകർ നിരന്തരം പരിശീലനം നേടിക്കൊണ്ടിരിക്കണം
- വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരിലും വായനയുടെ സംസ്കാരം വളർത്തിയെടുക്കും

# പൊതു ലക്ഷ്യങ്ങൾ

1) സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതത് തലത്തിൽ നേടേണ്ട പഠന ശേഷികൾ കൈവരിക്കാനുള്ള പഠന തന്ത്രങ്ങളും പഠന പ്രവർത്തനങ്ങളും നടപ്പാക്കി പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.

2) കുട്ടികളുടെ സർഗ്ഗപരവും അക്കാദമമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

3) മൂന്ന് ഭാഷകളിൽ മികച്ച ആശയവിനിമയ ശേഷികൾ കൈവരിക്കും.

4) ചതുഷ്ക്രിയകൾ മികച്ച രീതിയിൽ സ്വായത്തമാക്കാൻ കഴിയുന്ന പഠനപ്രവർത്തനങ്ങൾ നടത്തും

5) ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര പഠനം ലളിതമാക്കി പഠന തന്ത്രങ്ങളും പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഒരുക്കും.

6) അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കും.

7) അധ്യാപകർ-നിരന്തരം പരിശീലനം നേടിക്കൊണ്ടിരിക്കും. ആധുനിക സാങ്കേതിക വിദ്യ പരിജ്ഞാനവും ശേഷിയും ഉറപ്പാക്കും

8) വായനാ സംസ്കാരവും രചനകൾ നടത്താനുള്ള സർഗ്ഗവാസനകളും പരിപോഷിപ്പിക്കാനുള്ള ശീലങ്ങളും അവസരങ്ങളും ഒരുക്കി എഴുത്തും വായനയും നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ജീവിത പ്രക്രിയയാക്കി വളർത്തിയെടുക്കും.

9) എല്ലാ ക്ലാസിലും ICT സൗകര്യങ്ങൾ ഒരുക്കുകയും പഠനപ്രവർത്തനങ്ങളും അതിലൂടെ ആർജിക്കുന്ന അറിവ് നിർമ്മാണവും സാധ്യമായ എല്ലാ തലങ്ങളിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നിർവ്വഹിക്കും.

10) സാമൂഹ്യബോധം, ജീവിത മൂല്യങ്ങൾ പ്രതിസന്ധികൾ അതിജീവിക്കാനുള്ള പ്രാപ്തി ലക്ഷ്യബോധത്തോടെയുള്ള മത്സരങ്ങളിൽ ഏർപ്പെടാനുള്ള ആത്മ വിശ്വാസം വളർത്തിയെടുത്ത് ഊർജ്ജസ്വലരായ കുട്ടികളായി പരിവർത്തനവിധേയരായി മാറും

11) പരിമിതികൾ മറികടന്ന് മികച്ച കായികശേഷിയുള്ളവരായി പരിശീലനത്തിലൂടെ വളർത്തിയെടുക്കും.

# ഹ്രസ്വകാല പ്രവർത്തന പദ്ധതി-ഭാഷ

| PROGRAM | ACTIVITY | PERIOD | PHYSICAL SUPPORT |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം, ചിഹ്നം ഇവ ഉറപ്പിക്കാനുള്ള മൊഡ്യൂളുകൾ തയ്യാറാക്കൽ, ആശയ നിർമ്മാണം, വാക്യങ്ങൾ, വാചകങ്ങൾ, വാക്കുകൾ നിർമ്മാണം, ചിത്രങ്ങളുടെ അടിക്കുറിപ്പ്, ചിത്രങ്ങളുപ്യോഗിച്ച് കഥാ നിർമ്മാണം, കഥ ബാക്കി എഴുതൽ, കഥാപുസ്തകം വായനക്ക് നൽകൽ, പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 3 Months | Books,brc cd pta pictures, diet |
| Improve Ability in English language | Pre-test, practice to read and write, simple English sentences simple stories-with the help of specific module | 3 Months | Books,BRC CD PTA Pictures, Diet |

# ഹ്രസ്വകാല പ്രവർത്തന പദ്ധതി-ഭാഷ

| PROGRAM | ACTIVITY | PERIOD | PHYSICAL SUPPORT |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം, ചിഹ്നം ഇവ ഉറപ്പിക്കാനുള്ള മൊഡ്യൂളുകൾ തയ്യാറാക്കൽ, ആശയ നിർമ്മാണം, വാക്യങ്ങൾ, വാചകങ്ങൾ, വാക്കുകൾ നിർമ്മാണം, ചിത്രങ്ങളുടെ അടിക്കുറിപ്പ്, ചിത്രങ്ങളുപ്യോഗിച്ച് കഥാ നിർമ്മാണം, കഥ ബാക്കി എഴുതൽ, കഥാപുസ്തകം വായനക്ക് നൽകൽ, പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 3 Months | Books,brc cd pta pictures, diet |
| Improve Ability in English language | Pre-test, practice to read and write, simple English sentences simple stories-with the help of specific module | 3 Months | Books,BRC CD PTA Pictures, Diet |

## മധ്യകാല പ്രവർത്തന പദ്ധതി- ഭാഷ

| | |
|---|---|
| വായനാ-താൽപര്യം ഉണർത്തൽ, വായനാ ശീലവും ലഹരിയുമാക്കൽ | ബാലമാസികകൾ, പുസ്തകങ്ങൾ എന്നിവ യുടെ സ്വതന്ത്ര വായനക്കുള്ള സംവിധാന മൊരുക്കൽ, വായനാവിഷങ്ങൾ സമൂഹവു മായി പങ്കുവെക്കൽ, അഭിമുഖങ്ങൾ, പോസ്റ്റർ മാഗസിൻ പത്രങ്ങൾ, വായനാശീലം, വായന പ്രതിഭയെ കണ്ടെത്തൽ വായനാ പുരസ്കാരം, സൃഷ്ടികൾക്കുള്ള സമ്മാനം |
| ക്ലാസ് ലൈബ്രറി, പത്രം, മാസികകൾ, ബാല പ്രസിദ്ധീകരണങ്ങൾ | ആറ് മാസക്കാലയളവിൽ ഒന്നാം ക്ലാസ് മുതൽ അഞ്ച് വരെ നിലവാരമനുസരിച്ച് പദ്ധതി നടപ്പാക്കും |

### PTA, ക്ലാസ് PTA,BRC, SSG എന്നിവയുടെ സഹായം

| | | | |
|---|---|---|---|
| വ്യവഹാര രൂപങ്ങളിൽ മികവ് നേടൽ-ആശയ വിനിമയ മാധ്യമം എന്ന നിലയിൽ എല്ലാ വ്യവഹാര രൂപങ്ങളും സ്വായത്തമാക്കൽ | 6 മാസ കാലയളവിൽ | ഓരോ ക്ലാസിലെയും കുട്ടികളെ നിശ്ചിത നിലവാരമനുസരിച്ച് കഥ, കവിത, സംഭാഷണം, നാടകാവതരണം എല്ലാം ഉപയോഗപ്പെടുത്തി വളർത്തിയെടുക്കൽ | PTA,MPTA,SSG,BRC സഹായം പോസ്റ്റർ, സ്ക്രിപ്റ്റുകൾ |

# പ്രവർത്തന കലണ്ടർ

മേഖല : അക്കാദമികം

ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്, അക്ഷരങ്ങൾ, ചിഹനങ്ങൾ ഇവയ്ക്ക് പ്രാധാന്യമുള്ള ചെറുകഥകളും വിവരണങ്ങളുമുള്ള മൊഡ്യൂൾ അനുസരിച്ച് പഠനം | 3 മാസം | ക്ലാസ് ടീച്ചർ | PTA സഹായങ്ങൾ |
| വായന താൽപര്യം ഉണർത്തൽ-ശീലവും ലഹരിയുമായി വായനയെ മാറ്റൽ | ബാലമാസികകൾ, പുസ്തകങ്ങൾ എന്നിവയുടെ സ്വതന്ത്ര വായന അഭിമുഖങ്ങൾ, മാഗസിൻ നിർമ്മാണം, വായന പ്രതിഭ, പുരസ്കാരങ്ങൾ | 6 മാസം | അംഗങ്ങൾ വായനാ സമിതി ക്ലാസ് ടീച്ചർ | PTA സഹായങ്ങൾ 2000 രൂപ ഓരോ ക്ലാസിനും |
| വ്യവഹാര രൂപങ്ങളിൽ മികവ് നേടൽ വ്യവഹാര രൂപങ്ങൾ സ്വായത്തമാക്കൽ | നാടകാവതരണം,സ്കിറ്റുകൾ നിർമ്മിക്കൽ, കഥ, കവിതാ രചന, പ്രസിദ്ധീകരണം, ശിൽപശാലകൾ | ഒരു അധ്യയന വർഷം | വിദ്യാരംഗം സാമൂഹ്യ ശാസ്ത്ര ക്ലബ്, കലാ സാഹിത്യ സമിതി | PTA സഹായം ക്ലാസിന് 3000 രൂപ |

# ദീർഘ കാല- പദ്ധതി - പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

- പരിസ്ഥിതി പ്രശ്നങ്ങൾ എസ്. ആർ.ജി, പി.ടി. എ, എസ്.എസ്.ജി. എന്നിവയുടെ സഹായത്തോടെ ആഴത്തിലുള്ള പഠനത്തിനും അന്വേഷണത്തിനും പ്രശ്ന പരിഹാരത്തിനും അവസരമൊരുക്കി മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കുക.
- മരം നട്ടു പിടിപ്പിക്കൽ, കൃഷി, പരിസ്ഥിതി ജല സംരക്ഷണ ഗാനങ്ങളും കവിതകളും ശേഖരിക്കൽ പരിസ്ഥിതി പ്രവർത്തകരെ പരിചയപ്പെടൽ, കലണ്ടർ നിർമ്മാണം. പുസ്തകം പരിചയപ്പെടൽ, യോഗങ്ങൾ നടത്തൽ, പഠന റിപ്പോർട്ടുകൾ അവതരിപ്പിക്കൽ

## പ്രവർത്തനങ്ങൾ

- നമ്മുടെ നാട്ടിലെ പരിസ്ഥിതി ജല മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കാനുള്ള പഠന-നിരീക്ഷണ-നിഗമന പ്രൊജക്ട് തയ്യാറാക്കാനുള്ള ദീർഘ കാലത്തുള്ള പ്രവർത്തനം ആസൂത്രണം ചെയ്യൽ. പ്രൊജക്ട് തയ്യാറാക്കൽ, പഠനയാത്ര, ചർച്ചകൾ, പതിപ്പ് നിർമ്മാണം, അഭിമുഖങ്ങൾ, ചരിത്രാന്വേഷണം രേഖപ്പെടുത്തൽ, സർഗാത്മക രചനകൾ, ചിത്ര രചനാ ക്യാമ്പുകൾ, പോസ്റ്ററുകൾ, അനേകം ജീവികൾ, സസ്യങ്ങൾ, കൃഷികൾവ്യത്യസ്ഥ നിർമ്മിതികൾ, പൊതു ജനങ്ങളുമായി ഇടപെടാനുള്ള അവസരം

- ഉദ്ഗ്രഥിതവും ദീർഘ കാലയളവ് ഒരു അധ്യയന വർഷം ആവശ്യമുള്ളതായ പ്രവർത്തനങ്ങൾ, ഭാഷ, ഗണിതം, പരിസ്ഥിതി പഠനം എന്നിവയിലെല്ലാം സ്പർശിച്ച് വിവിധ തലങ്ങളിലൂടെ കടന്നു പോകുന്നു.

- സമൂഹത്തിന്റെ പിന്തുണ ആവശ്യമായ പ്രവർത്തനങ്ങൾ PTA, MPTA, SSG, കുടുംബശ്രീ, ജനപ്രതിനിധികൾ, പഞ്ചായത്ത്

# പ്രവർത്തന കലണ്ടർ

മേഖല : അക്കാദമികം പരിസ്ഥിതി പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി പ്രശ്നങ്ങൾ ആഴത്തിലുള്ള പഠനം, ക്ലാസ് നിലവാരത്തിനനുസരിച്ച് (മരം നട്ടുപിടിപ്പിക്കൽ, കൃഷി, പരിസ്ഥിതി ജല സംരക്ഷണം, കലണ്ടർ നിർമ്മാണം) പരിസ്ഥിതി അവബോധം സൃഷ്ടിക്കലും, പരിസ്ഥിതിയും കാലവും തമ്മിലുള്ള ബന്ധം, അവബോധ നിർമ്മാണം | നമ്മുടെ നാട്ടിലുള്ള പരിസ്ഥിതി ജല മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര നിർദ്ദേശങ്ങളടങ്ങിയ പഠനം, പഠനയാത്ര, പ്രൊജക്ട് തയ്യാറാക്കൽ, ചർച്ചകൾ, പതിപ്പുകളുടെ നിർമ്മാണം, അഭിമുഖങ്ങൾ, ചരിത്രാന്വേഷണം രേഖപ്പെടുത്തൽ, സർഗ്ഗാത്മ രചനകൾ, ചിത്ര രചനാ ക്യാമ്പുകൾ, പോസ്റ്ററുകൾ, അനേകം ജീവികൾ, സസ്യങ്ങൾ,കൃഷികൾ വ്യത്യസ്ഥ നിർമ്മിതികൾ, പൊതു സമൂഹം ഇടപെട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ | ഒരു അധ്യയന വർഷം | പരിസ്ഥിതി ക്ലബ്, ക്ലാസ് ടീച്ചർ | ക്ലാസിന് വർഷത്തിൽ 300 രൂപ PTA സഹായം, പൂർവ്വ വിദ്യാർത്ഥികൾ |

## ഹ്രസ്വകാല-പ്രവർത്തന-പദ്ധതി ഗണിതം

### ലക്ഷ്യങ്ങൾ

പാഠപുസ്തകത്തിൽ നിന്ന് പുറത്തുള്ളതും ക്ലാസ് മുറികൾക്ക് പുറത്തുള്ളതുമായ ഗണിത പ്രവർത്തനങ്ങൾ നൽകി ഗണിത മികവ്, സൃഷ്ടിക്കാനുള്ള ലക്ഷ്യത്തോടെ എണ്ണൽ സംഖ്യകൾ, ചതുഷ്ക്രിയകൾ, അളവുകൾ, തൂക്കങ്ങൾ, ഭിന്ന സംഖ്യകൾ തുടങ്ങിയവയെല്ലാം ജീവിത ഗന്ധിയാക്കി താൽപര്യം ജനിപ്പിക്കലും പിന്നോക്കാവസ്ഥക്കുള്ള ഹ്രസ്വകാല-ഗണിത പരിപാടിയിലൂടെ ആവശ്യ-മിനിമം യോഗ്യതയിലെത്തിക്കൽ

### പ്രവർത്തനങ്ങൾ

- എണ്ണൽ സംഖ്യകളെ കളികളിലൂടെ ഉറപ്പിക്കൽ, കളികൾ സംയോജിപ്പിച്ചുള്ള മൊഡ്യൂൾ തയ്യാറാക്കി സമയ ബന്ധിതമായി നടപ്പാക്കൽ, ഗണിതത്തോടുള്ള ഭയവും അകൽച്ചയും ഒഴിവാക്കൽ, മധുരം ഗണിതം പദ്ധതി ആവിഷ്കരിക്കൽ കണക്കിലെ തമാശകൾ തയ്യാറാക്കി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
- ഓരോ പ്രവർത്തന മൊഡ്യൂളുകൾ തയ്യാറാക്കുമ്പോൾ പിന്നോക്കക്കാർക്ക് ആദ്യ പരിഗണന നൽകണം
- ഗണിത പ്രവർത്തനത്തിലെവിടെയും ശരാശരിയുള്ളവർക്കാകെ പരിഗണനയും ഉയർച്ചയും.
- ഉയർന്ന നിലവാരമുള്ളവർക്ക് നിഗമനത്തിനും വേഗതക്കും ഗണിത ചിന്തകൾക്കും അവസരം പ്രദാനം ചെയ്യുന്നു.
- ഓരോ ക്ലാസിലെയും മൊഡ്യൂളുകൾ ശിൽപശാല നടത്തി തയ്യാറാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- മാസത്തിലൊരിക്കൽ ക്ലാസ് പി.ടിഎ വിളിച്ച് അവതരണവും ചർച്ചയും

## മധ്യകാല പ്രവർത്തന പദ്ധതി ഗണിതം

- ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്ന ഗണിത ശേഷികൾ വളർത്തുക ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക. ഗണിത ഭാഷ ഉപയോഗിക്കാൻ പഠിപ്പിക്കുക.

- ഗണിത കഥ, ഗണിത ഗാനം, കണക്കിലെ കളികൾ, ചതുഷ്ക്രിയകൾ, അളവുകൾ സമയം പരിചയപ്പെടുത്തൽ, പഠനോപകരണം നിർമ്മിക്കൽ, വിവര സാങ്കേതിക വിദ്യയെ പഠനവുമായി ബന്ധിപ്പിക്കൽ

- ഗണിത കഥകളിലൂടെയും പാട്ടുകളിലൂടെയും ആശയങ്ങൾ താൽപര്യത്തോടെ മനസ്സിലാക്കാൻ കഴിയും. നിത്യ ജീവിതത്തിൽ ഗണിത പഠനം പ്രയോജനപ്പെടും. കറൻസിയുടെ വിനിമയം പഠിക്കൽ, ഗണിതത്തിലെ അടിസ്ഥാന വസ്തുത ഉറപ്പാക്കൽ, മിതവ്യയ പരിശീലനം, വിവര വിനിമയ സാങ്കേതിക വിദ്യ പഠനത്തിന്റെ ഭാഗമാക്കൽ.

- ഓരോ ക്ലാസിനും അനുയോജ്യമായ ഗണിത വസ്തുതകൾക്കനുസരിച്ച് ഗണിത കഥകൾ നിർമ്മിക്കുന്നു. ഗണിത പാട്ടുകൾ ശേഖരിച്ച് നിലവാരത്തിനും വസ്തുതകൾക്കും അനുസരിച്ച് ക്രമപ്പെടുത്തി ശേഖരിച്ച് അവതരിപ്പിക്കൽ

- ഗണിത സാമഗ്രികൾ നിർമ്മിക്കൽ, നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി കറൻസി. വിനിമയം നടത്തൽ. ഗണിതം മറ്റ് വിഷയങ്ങളുമായി ബന്ധിപ്പിക്കൽ, ജീവിത ഗന്ധിയായ ഗണിതത്തിലേക്ക് എത്തിച്ചേരാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് മധ്യകാല പ്രവർത്തനങ്ങളായി പൂർത്തീകരിക്കൽ.

- നിരന്തര മൂല്യ നിർണ്ണയത്തിനും വിലയിരുത്തലിനും വളർച്ച രേഖപ്പെടുത്താനുമുള്ള അവസരങ്ങൾ. ക്ലാസ് റൂം സന്ദർഭങ്ങൾക്കനുസരിച്ച് രേഖപ്പെടുത്തി വളർച്ചാ ചാർട്ട് തയ്യാറാക്കി സൂക്ഷിക്കൽ

## ദീർഘ കാല പ്രവർത്തന പദ്ധതി    ഗണിതം

പ്രീ ടെസ്റ്റിലൂടെ ഒന്നു മുതൽ അഞ്ച് വരെയുള്ള ക്ലാസുകളിൽ ഒരു വിഭാഗം കുട്ടികൾ ഗണിത ശേഷികളിൽ പിന്നിലാണെന്ന് [illegible] കണ്ടെത്തിയിരുന്നു. ഈ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പഠന ബോധന രീതി വികസിപ്പിക്കൽ, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഇവയുടെ മിശ്ര ക്രിയകളും ചെയ്യാൻ കുട്ടികൾ വലിയ പ്രയാസങ്ങൾ നേരിടുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട ചതുഷ്ക്രിയകൾ, വീട്ടിലെ ഓരോ ദിവസത്തെ ആവശ്യങ്ങളും ഗണിത ക്രിയകളും ബന്ധപ്പെടുന്നൽ.

### പ്രവർത്തനം

- ഓരോ ക്ലാസ് മുറിയും ഷോപ്പിംഗ് മാളുകളാക്കി മാറ്റൽ, സാധനങ്ങളും അളവ്, എണ്ണം, വില എല്ലാം കടലാസ് തുണ്ടുകളിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കൽ, കടയിലെ ജീവനക്കാർ , അക്കൗണ്ടിംഗ് പണം കടലാസ് കളി നോട്ട്, സാധനങ്ങളും ജീവനക്കാരും. മാറി വരൽ അവശ്യ സാധനങ്ങളുടെ ലിസ്റ്റിന് പ്രത്യേക പെട്ടി, ജീവിത ഗന്ധിയായ ചതുഷ്ക്രിയാ പഠനം, എല്ലാക്ലാസ്സുകളിലും നിലവാരമനുസരിച്ച് രക്ഷാകർത്താക്കളുടെ സാന്നിധ്യവും സഹകരണവും; [illegible] സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ
- ലക്ഷ്യം വെച്ച പഠന മികവും ശേഷികളും നേടുന്നുണ്ടോ നിരന്തര പരിശോധന, മൂല്യനിർണ്ണയം, മത്സരങ്ങൾ
- ദൈനം ദിന ജീവിതത്തെയും വീട്ടിലെ ആവശ്യങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും ജോലി വരുമാനവും ചെലവുകളും മെച്ചവും ചികിത്സയുമെല്ലാം മൊഡ്യൂളുകളാക്കി അതത് ക്ലാസിന് വേണ്ടി രൂപപ്പെടുത്തി. ജീവിതം തന്നെ ഗണിതം എന്ന അനുഭവത്തിലൂടെ ചതുഷ്ക്രിയകൾ, അളവ്, തൂക്കം, രൂപങ്ങൾ, ഭിന്ന സംഖ്യകൾ തുടങ്ങിയവ ഗണിതക്രിയകളും ശേഷികളും ജീവിത ഗന്ധിയായി പരിശീലിപ്പിക്കൽ നിരന്തര ഗണിത പ്രവർത്തനങ്ങൾ

# പ്രവർത്തന കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മികവ് സൃഷ്ടിക്കൽ എണ്ണൽ സംഖ്യ, ചതുഷ്ക്രിയകൾ, രൂപങ്ങൾ, അളവ്, തൂക്കം തുടങ്ങിയവ ജീവിത ഗന്ധിയാക്കി താൽപര്യം ജനിപ്പിക്കൽ | എണ്ണൽ സംഖ്യകളെ കളികളിലൂടെ ഉറപ്പിക്കൽ, കളികളുടെ മൊഡ്യൂളുകൾ തയ്യാറാക്കി സമയ ബന്ധിതമായി നടപ്പാക്കൽ, ഗണിതത്തോടുള്ള ഭയവും അകൽച്ചയും ഒഴിവാക്കൽ, മധുരം ഗണിതം പരിപാടി നടപ്പാക്കൽ, കണക്കിലെ തമാശകൾ തയ്യാറാക്കി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 3 മാസം | ക്ലാസ് ടീച്ചർ ഗണിത ക്ലബ് ക്ലാസ് ടീച്ചർ | PTA ക്ലാസിന് 500 രൂപ ഒരു മാസത്തേക്ക് |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിത ശേഷികൾ വികസിപ്പിക്കുക | ഗണിത കഥ, ഗണിത പാട്ട്, കണക്കിലെ കളികൾ, അളവുകൾ,സമയം, വിവര സാങ്കേതിക വിദ്യയെയും ഇതിനായി ഉപയോഗപ്പെടുത്തൽ | 6 മാസം | ഗണിത ക്ലബ് ക്ലാസ് ടീച്ചർ | PTA ക്ലാസിന് 1000 രൂപ മാസത്തേക്ക് |
| ഗണിത പിന്നോക്കാവസ്ഥ, ചതുഷ്ക്രിയകൾ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഓരോ ക്ലാസ് മുറിയും ഷോപ്പിംഗ് മാളുകളും കുട്ടികൾ കുടുംബ നാഥരുമായ തൊഴിലാളികൾ, ജീവനക്കാർ, ജീവിത ചെലവുകൾ. വീടും കടകളും സമൂഹവും സൃഷ്ടിച്ച് ജീവിതത്തിന്റെ ഭാഗമായി ഗണിത പരിശീലനം | ഒരു അധ്യയന വർഷം മുഴുവൻ | ഗണിത ക്ലബ് ക്ലാസ് ടീച്ചർ | PTA പൂർവ്വ വിദ്യാർത്ഥികൾ ഓരോ ക്ലാസിനും 2000 രൂപ വീതം |

# OBJECTIVES

To create an affinity towards English language to develop listening skills in English language to develop confidence in presenting simple sentences words

Gives songs, games, and stories, involvement of students in various language activities and strengthen the mind that English is a very simple easy language to speak to write to learn. Using of simple stories, picture stories and simple rhymes, sing choresly and (speak) communicative skill creation by using various contexts.

Create English atmosphere in every English class. And students try to use English in class to communicate each other in the class. Communication skill is very essential for a language. English language is entirely different from other Indian languages. Its structure phonic, letters . so it gives pleasure in life

# പ്രതിഭാപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ിഭകളുടെ ...ിവുകളെ ...പോഷിപ്പി ...ന്നതിനുള്ള ...രിപാടി | വിദഗ്ധരായ അതിഥി യധ്യാപകരുടെ ക്ലാസുകൾ, പഠനയാത്രകൾ, ക്യാമ്പുകൾ, അഭിമുഖം, റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കൽ, ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, നൃത്തപരിശീലനം, സംഗീത പരിശീലനം, കൈത്തൊഴിൽ പരിശീലനം | **2021-2024** (ദീർഘ കാലം) | എസ്. ആർ. ജി പൂർവ്വ വിദ്യാർത്ഥികൾ | 2,00000 |